# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3140** **18.06.2019-ൽ മറുപടിയ്ക്ക്**

## ഫിഷർമെൻ സ്കോളർഷിപ്പ്

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) തീരദേശമേഖലയിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ ഫിഷർമെൻ സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നുണ്ടോ; ഇതിന്റെ മാന ദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | എ) തീരദേശ മേഖലയിലെ നഴ്സറിതലം മുതൽ +1, +2/ വി.എച്ച്.എസ്.ഇ തലം വരെയുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് e-grantz മുഖേന ഓൺലൈൻ ആയി നേരിട്ട് അക്കൗണ്ടിലേയ്ക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു വരുന്നു.<br>മാന ദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ മത്സ്യത്തൊഴിലാളിയായി രജിസ്റ്റർ ചെയ്തവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ അർഹതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.<br>2. വിദ്യാഭ്യാസാനുകൂല്യം ലഭിച്ചുകൊണ്ടിരിക്കെ മത്സ്യത്തൊഴിലാളി മരണപ്പെടുകയാണെങ്കിൽ പഠനം പൂർത്തിയാകുന്നതുവരെ ടിയാന്റെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം തുടർന്നും ലഭിക്കുന്നതാണ്.<br>3. 60 വയസ്സാകുന്നതിനു മുമ്പ് രോഗംമൂലമോ മറ്റു ശാരീരിക വൈകല്യം കൊണ്ടോ മത്സ്യബന്ധനത്തിൽ നിന്നും വിരമിക്കുകയാണെങ്കിൽ അത്തരം |

മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. ആയതിന്റെ തെളിവിനായി ജില്ലാ ഫിഷറീസ് ആഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

4. മത്സ്യത്തൊഴിലാളി പെൻഷണർക്ക് മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തിയല്ലാതെയുള്ള തൊഴിലോ മറ്റ് വരുമാന മാർഗ്ഗങ്ങളോ ഉണ്ടെങ്കിൽ വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതല്ല.

5. പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കാൻ അർഹതയുള്ളവർക്ക് ഫിഷറീസ് വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതല്ല.

6. സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപന മേധാവി ശുപാർശ ചെയ്യേണ്ടതാണ്. എന്നാൽ അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ ബന്ധപ്പെട്ട AEO/DEO -ടെ ശുപാർശയോടുകൂടി സമർപ്പിക്കേണ്ടതാണ്.

7. ഒരു വർഷത്തിൽ/ഒരു സെമസ്റ്ററിൽ/ഒരു ടേമിൽ 75% ഹാജർ ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ തുടർന്നുള്ള കാലയളവിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുകയുള്ളൂ.

8. മറ്റ് വിധത്തിലുള്ള സ്കോളർഷിപ്പിനോ മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾക്കോ അർഹതയുള്ളവർക്ക് ഈ ഉത്തരവ് പ്രകാരമുള്ള തത്തുല്യ ആനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

ബി) ഓരോ കുട്ടിക്കും പ്രതിവർഷം അനുവദിക്കുന്ന തുക എത്രയാണ്; തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിക്കുന്ന അതേ നിരക്കിലാണ് മത്സ്യബന്ധന വകുപ്പും പ്രതിവർഷം ഓരോ കുട്ടിക്കും തുക നൽകി വരുന്നത്. ഇത് കോഴ്സുകൾക്ക് അനുസരിച്ച് വ്യത്യസ്ത നിരക്കിലാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ആഫീസർ**